# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.196/2025** **തിരുവനന്തപുരം, തീയതി: 03.09.2025**

# പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ

കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഒന്നാം വർഷ ബിടെക് കോഴ്സുകളിലെ **(ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിംഗ്)** ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ **09/09/2025** രാവിലെ **10** മണി മുതൽ **12** മണി വരെ കോളേജ് ഓഫീസിൽ വെച്ച് നടത്തുന്നതാണ്. **KEAM 2025** യോഗ്യത ഉള്ളവർക്ക് പങ്കെടുക്കാവുന്നതാണ്. അതേ ദിവസം തന്നെ ഒഴിവുള്ള **NRI** സീറ്റുകളിലേക്കും അഡ്മിഷൻ നടക്കുന്നതാണ്. വിശദവിവരങ്ങൾ Ph: 9995142426,9388011160,9447125125.

## പരീക്ഷാഫലം

കേരളസർവകലാശാല ഇക്കണോമിക്സ് പഠനവകുപ്പിൽ 2025 ജനുവരിയിൽ നടത്തിയ എംഎ ഇക്കണോമിക്സ് 2022 – 2024 ബാച്ച് (സി.എസ്.എസ്.) മൂന്നാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ **slcm** പ്രൊഫൈൽ മുഖേന വ്യക്തിഗത ഫലം പരിശോധിക്കാവുന്നതാണ്.

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ ബിഎ (ആന്വൽ സ്കീം പാർട്ട് – **III** മെയിൻ (മ്യൂസിക്)/ സബ്സിഡിയറി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2025 സെപ്റ്റംബർ 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല നടത്തുന്ന നാലാം സെമസ്റ്റർ എംഎ/എംഎസ്സി/ എം.കോം/എംഎസ്ഡബ്ല്യൂ/എംടിഎ (മേഴ്സിചാൻസ് – 2001 - 2020 അഡ്മിഷൻ), സെപ്റ്റംബർ 2025 പരീക്ഷകളുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 2025 സെപ്റ്റംബർ 10 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 15 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 17 വരെയും അപേക്ഷിക്കാം. **SLCM** (ന്യൂ ജനറേഷൻ കോഴ്സ്) അപേക്ഷകൾ ഓഫ്ലൈനായി സമർപ്പിക്കേണ്ടതാണ്. പരീക്ഷാഫീസ് കേരളസർവകലാശാലയുടെ ഓൺലൈൻ പേയ്മെന്റ് പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**